# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

വിഷയം : സാമൂഹ്യ നീതി വകുപ്പ്- ഐ.സി.പി.എസ് - ഗവ ചിൽഡ്രൻസ് ഹോമുകൾ, ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ - കുട്ടികളെ 2017 ജൂലൈ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിൽ ഔട്ടിങ്ങിന് കൊണ്ടു പോകുന്നതിനുള്ള അനുമതിയും 2017 ജൂലൈ മുതൽ 2017 നവംബർ വരെ (അഞ്ച് മാസത്തേയ്ക്ക്) തുക അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

പരാമർശം : 29.03.2017 -ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 15.

## ഉത്തരവ് നമ്പർ : ICPS 2/18920/2017 തീയതി : 11/07/2017

ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലേയും ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളിലേയും കുട്ടികളെ ആഴ്ച്ചയിൽ ഒരിക്കൽ ബീച്ച്, പാർക്ക് മുതലായ സ്ഥലങ്ങളിൽ ഔട്ടിങ്ങിന് കൊണ്ടു പോകുന്നതിനും സിനിമ, മറ്റു പ്രദർശനങ്ങൾ മുതലായവ കാണുന്നതിനു കൊണ്ടു പോകുന്നതിനും പരാമർശപ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകിയിരുന്നു. കൂടാതെ പ്രസ്തുത ആവശ്യത്തിലേയ്ക്കായി ആറ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ, കണ്ണൂർ ഗവ ഗേൾസ് ഹോം എന്നീ സ്ഥാപനങ്ങൾക്ക് ഒരു യാത്രയ്ക്ക് 3,000/-രൂപയും ബാക്കി 9 ചിൽഡ്രൻസ് ഹോമുകൾക്ക് ഒരു യാത്രയ്ക്ക് 5,000/-രൂപ വീതവും അനുവദിക്കുവാൻ തീരുമാനിച്ചു. ടി സാഹചര്യത്തിൽ 2017 ജൂലൈ മുതൽ 2017 നവംബർ വരെ കുട്ടികളെ ഔട്ടിങ്ങിന് കൊണ്ടു പോകുന്നതിനാവശ്യമായ തുക അനുവദിക്കാവുന്നതാണ്. തുക സംബന്ധിച്ച സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

2. വകുപ്പിനു കീഴിലുള്ള എല്ലാ ചിൽഡ്രൻസ് ഹോമുകളിലേയും കുട്ടികളെ 2017 ജൂലൈ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിൽ ആഴ്ച്ചയിൽ ഒരിക്കൽ ബീച്ച്, പാർക്ക് മുതലായ സ്ഥലങ്ങളിൽ ഔട്ടിംഗിന് കൊണ്ടു പോകുന്നതിനും സിനിമ, എക്സിബിഷനുകൾ മുതലായ മറ്റ് പ്രദർശനങ്ങൾക്കു കൊണ്ടു പോകുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

3. ഓരോ ചിൽഡ്രൻസ് ഹോമിനും താഴെപ്പറയുന്ന പട്ടികയിലെ 2017 ജൂലൈ മുതൽ 2017 നവംബർ വരെയുള്ള മാസങ്ങളിൽ (അഞ്ച് മാസത്തേയ്ക്ക്) അഞ്ചാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

PTO

| അഞ്ച് മാസത്തേയ്ക്ക് തുക അനുവദിക്കേണ്ടതു സംബന്ധിച്ച വിശദ വിവരങ്ങളടങ്ങിയ പട്ടിക | | | | |
|---|---|---|---|---|
| നമ്പർ (1) | സ്ഥാപനത്തിന്റെ പേര് (2) | സ്ഥാപനത്തിന് ഒരു യാത്രയ്ക്ക് അനുവദിച്ചിട്ടുള്ള തുക (3) | ഒരു മാസത്തേയ്ക്ക് ആവശ്യമായി വരുന്ന തുക (4 യാത്രകൾ) (4) | അഞ്ച് മാസത്തേയ്ക്ക് ആവശ്യമായി വരുന്ന തുക (20 യാത്രകൾ) (5) |
| 1 | ഗവ ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം | 5,000/-രൂപ | 20,000/-രൂപ | 1,00,000/-രൂപ |
| 2 | ഗവ ചിൽഡ്രൻസ് ഹോം, കൊല്ലം | 5,000/-രൂപ | 20,000/-രൂപ | 1,00,000/-രൂപ |
| 3 | ഗവ ചിൽഡ്രൻസ് ഹോം, കോട്ടയം | 5,000/-രൂപ | 20,000/-രൂപ | 1,00,000/-രൂപ |
| 4 | ഗവ ചിൽഡ്രൻസ് ഹോം (ഗേൾസ്), മായിത്തറ, ആലപ്പുഴ | 5,000/-രൂപ | 20,000/-രൂപ | 1,00,000/-രൂപ |
| 5 | ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്), നൂറനാട്, ആലപ്പുഴ | 5,000/-രൂപ | 20,000/-രൂപ | 1,00,000/-രൂപ |
| 6 | ഗവ ചിൽഡ്രൻസ് ഹോം, എറണാകുളം (ഗേൾസ്) | 5,000/-രൂപ | 20,000/-രൂപ | 1,00,000/-രൂപ |
| 7 | ഗവ ചിൽഡ്രൻസ് ഹോം, കോഴിക്കോട് (ഗേൾസ്) | 5,000/-രൂപ | 20,000/-രൂപ | 1,00,000/-രൂപ |
| 8 | ഗവ ചിൽഡ്രൻസ് ഹോം, കോഴിക്കോട് (ബോയ്സ്) | 5,000/-രൂപ | 20,000/-രൂപ | 1,00,000/-രൂപ |
| 9 | ഗവ ചിൽഡ്രൻസ് ഹോം, തൃശൂർ | 5,000/-രൂപ | 20,000/-രൂപ | 1,00,000/-രൂപ |
| 10 | ഗവ ഗേൾസ് ഹോം, കണ്ണൂർ | 3,000/-രൂപ | 12,000/-രൂപ | 60,000/-രൂപ |
| 11 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പത്തനംതിട്ട | 3,000/-രൂപ | 12,000/-രൂപ | 60,000/-രൂപ |
| 12 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പാലക്കാട് | 3,000/-രൂപ | 12,000/-രൂപ | 60,000/-രൂപ |
| 13 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, മലപ്പുറം | 3,000/-രൂപ | 12,000/-രൂപ | 60,000/-രൂപ |
| 14 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, വയനാട് | 3,000/-രൂപ | 12,000/-രൂപ | 60,000/-രൂപ |
| 15 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, തലശ്ശേരി | 3,000/-രൂപ | 12,000/-രൂപ | 60,000/-രൂപ |
| 16 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, കാസർഗോഡ് | 3,000/-രൂപ | 12,000/-രൂപ | 60,000/-രൂപ |
| | | **ആകെ തുക** | **13,20,000/-രൂപ** | |

4. ഈ ആവശ്യത്തിന് 16 സ്ഥാപനങ്ങൾക്ക് അഞ്ചു മാസത്തേയ്ക്ക് ആവശ്യമായ തുക ആകെ 13,20,000/-രൂപയാണ്. ഈ പരിപാടിയുടെ നടത്തിപ്പ് വിലയിരുത്തിയതിനു ശേഷം സ്ഥാപന സൂപ്രണ്ടുമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അടുത്ത ഗഡു അനുവദിക്കുന്നതാണ്.

5. കുട്ടികളുടെ സുരക്ഷ സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം സ്ഥാപന സൂപ്രണ്ടിനായിരിക്കും. കൂടാതെ ഔട്ടിംഗിന് കൊണ്ടു പോകുമ്പോൾ കുട്ടികളുടെ എണ്ണത്തിന് അനുപാതികമായി കെയർ സ്റ്റാഫ് അവരോടൊപ്പം ഉണ്ടായിരിയ്ക്കുകയും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതുമാണ്.

6. ടി തുക (13,20,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ സ്റ്റേറ്റ് ഫണ്ടിൽ നിന്നും മേൽപ്പട്ടിക പ്രകാരം അതാത് ജില്ലകളിലെ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരുടെ പേരിൽ അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ മേൽപട്ടിക പ്രകാരമുള്ള തുക നിശ്ചിത ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ടുമാർ പ്രസ്തുത തുകകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

7. കുട്ടികളെ ഔട്ടിംഗിനു കൊണ്ടു പോകുമ്പോൾ സ്ഥാപന സൂപ്രണ്ട് അനുബന്ധമായി ചേർത്തിരിക്കുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർ
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ബന്ധപ്പെട്ട എല്ലാ ചിൽഡ്രൻസ് ഹോം/
സ്പെഷ്യൽ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും

പകർപ്പ്

1) എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
2) എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
3) എല്ലാ സി.ഡബ്ല്യു.സി ചെയർമാൻമാർക്കും
(ആമുഖ കത്ത് സഹിതം)
4) സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
(അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
5) ഐ.സി.പി.എസ്-4A
(ചെലവ് സംബന്ധമായ രജിസ്റ്ററിൽ
ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്)
6) സ്റ്റോക്ക് ഫയൽ
7) സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

**അനുബന്ധം**

## കുട്ടികളെ ഔട്ടിംഗിനു കൊണ്ടു പോകുമ്പോൾ സ്ഥാപനസൂപ്രണ്ട് പാലിക്കേണ്ട നിബന്ധനകൾ:

1. യാത്ര സംബന്ധിച്ച് ചിൽഡ്രൻസ് കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ടതും കുട്ടികൾക്ക് സന്ദർശിക്കുവാൻ താത്പര്യമുള്ള സ്ഥലങ്ങൾ നിശ്ചയിക്കുകയും വേണം. ഓരോ മാസവും നടത്തിയ സന്ദർശനങ്ങൾ സംബന്ധിച്ച വിവരങ്ങൾ, അനുഭവങ്ങൾ സംബന്ധിച്ച് ചിൽഡ്രൻസ് കമ്മിറ്റിയിൽ റിപ്പോർട്ട് അവതരിപ്പിക്കണം. റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കുവാനുള്ളവരെ മുൻകൂട്ടി നിശ്ചയിച്ചിരിക്കണം.
2. ഇപ്രകാരം ചിൽഡ്രൻസ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് സൂപ്രണ്ട് പ്രതിമാസ കലണ്ടർ തയ്യാറാക്കി മാനേജ്മെൻറ് കമ്മിറ്റിയുടെ അനുമതി വാങ്ങേണ്ടതാണ്.
3. മാനേജ്മെൻറ് കമ്മിറ്റിയുടെ അനുമതിയോടു കൂടി മാത്രമേ യാത്രകൾ സംഘടിപ്പിക്കുവാൻ പാടുള്ളൂ.
4. സ്ഥാപന സൂപ്രണ്ട് ചെലവുകൾ സംബന്ധിച്ച ബില്ലുകൾ സൂക്ഷിക്കേണ്ടതാണ്
5. ഓരോ ആഴ്ച്ചയിലും നടത്തുന്ന യാത്ര സംബന്ധിച്ച വിവരം ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും സ്ഥാപന മേധാവി ഒപ്പിട്ടിരിക്കേണ്ടതുമാണ്.
6. യാത്രക്കു കൊണ്ടു പോകുന്ന കുട്ടികൾക്കു അനുപാതികമായ കെയർ സ്റ്റാഫ് കൂടി ഉണ്ടായിരിക്കണം.
7. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കണം.
8. കുട്ടികളുടെ സുരക്ഷ സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം സൂപ്രണ്ടിനായിരിക്കും.
9. പരീക്ഷാ വേളകളിൽ യാത്ര ഒഴിവാക്കണം.
10. ലഘുയാത്ര സംഘടിപ്പിക്കുന്നതു വഴി കുട്ടികളുടെ പഠനത്തെ ബാധിക്കുവാൻ പാടില്ല.
11. യാത്രക്കുപയോഗിക്കുന്ന വാഹനം നിയമപ്രകാരം രജിസ്റ്റർ ചെയ്തവയും പ്രവർത്തന ക്ഷമമായതും ഏഴ് വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ഉണ്ടാകാൻ പാടില്ലാത്തതുമാണ്.
12. വാഹനത്തിൻെറ ഡ്രൈവർക്ക് അത് ഓടിക്കുവാനുള്ള ലൈസൻസ് ഉണ്ടായിരിക്കണം.
13. യാത്ര ചെയ്യാൻ അനുമതിയുള്ളതിലധികം യാത്രക്കാരെ വാഹനത്തിൽ കയറ്റരുത്.
14. താമസക്കാർക്കൊപ്പം സ്ഥാപന മേധാവിയും നിയോഗിക്കപ്പെടുന്ന സ്റ്റാഫ് അംഗങ്ങളും ഉണ്ടായിരിക്കണം.
15. യാത്രാവേളയിൽ പത്ത് താമസക്കാർക്ക് ഒരു സഹായി എന്ന അനുപാതത്തിൽ സഹായികൾ ഉണ്ടായിരിക്കണം. സ്ഥാപനത്തിലെ ജീവനക്കാരെ സഹായിയായി നിയോഗിക്കാം.
16. സ്ത്രീകളായ താമസക്കാരെ സഹായിക്കാൻ സ്ത്രീകളെ മാത്രമേ നിയോഗിക്കാവൂ.
17. ഉല്ലാസയാത്രയിൽ പങ്കെടുക്കുന്നവർക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കണം. അവരുടെ ആരോഗ്യത്തിനു ഹാനികരമല്ലാത്തതും ശുദ്ധവുമായ ഭക്ഷണം നൽകാൻ ഏർപ്പാടുണ്ടാക്കണം.
18. യാത്രാവേളയിൽ ആവശ്യമായ മരുന്നുകൾ കരുതണം.
19. കഴിവതും രാത്രിയുള്ള യാത്രകൾ ഒഴിവാക്കണം.
20. വിനോദയാത്രകളിൽ താമസക്കാരുടെ സുരക്ഷക്ക് വളരെ പ്രാധാന്യം നൽകണം. എല്ലാവിധ മുൻകരുതലുകളും എടുക്കേണ്ടതാണ്.
21. അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണം.
22. ഔട്ടിംഗിന് സൗകര്യപ്രദമായ ദിവസവും സമയവും നിശ്ചയിക്കണം.